**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1081** **11-02-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ഡിസ്റ്റില്ലറിക്കു വെള്ളം നൽകുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റില്ലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | ചിറ്റൂർ മേനോൻപാറയിലെ മലബാർ ഡിസ്റ്റില്ലറിക്ക് ജല അതോറിറ്റി വെള്ളം നൽകാൻ പദ്ധതി രൂപീകരിച്ചിരുന്നു. മലബാർ ഡിസ്റ്റലറിയിലേക്ക് വെള്ളം നൽകുന്നതിനായി വടകരപ്പതി വിതരണ ശൃംഖല ലൈനിൽ നിന്നും ഏകദേശം 5.50 km ദീർഘിപ്പിക്കുന്നതിനായി 1,87,00,000 (ഒരു കോടി എൺപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പി.എച്ച്. ഡിവിഷൻ, പാലക്കാട് ഓഫീസിൽ നിന്നും മലബാർ ഡിസ്റ്റിലറിയിലേക്ക് കൈമാറുകയും 30/08/2022 ന് മലബാർ ഡിസ്റ്റലറി 1,87,00,000/- രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ മലബാർ ഡിസ്റ്റിലറിക്ക് വെള്ളം നൽകാനുള്ള കരാറിൽ ഏർപ്പെടാൻ സാധിക്കുകയുള്ളൂ. കരാറുകാരൻ പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ പൈപ്പ് വിതരണം ചെയ്തിരുന്നു. എന്നാൽ സമീപ പഞ്ചായത്തു കളായ എലപ്പുള്ളി, വടകരപ്പതി എന്നീ പഞ്ചായത്തുകളുടെയും പ്രാദേശികമായ എതിർപ്പു കൾ മൂലവും നിലവിൽ പൈപ്പ് ലൈൻ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്ന് അറിയിക്കാമോ; അല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമല്ല. പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ